# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 3

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

സഭാ ഭരണഘടന 77–ാം വകുപ്പ് പ്രകാരം സഭാ പ്രതിനിധിമണ്ഡലത്തിൽ പ്രാതിനിധ്യാവകാശമുള്ള എല്ലാ ഇടവകകളിലും അംഗീകൃതസ്ഥാപനങ്ങളിലും 2020 മാർച്ച് 31–ാം തീയതിക്ക് മുമ്പായി പുതിയ മണ്ഡല പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് നടത്തണമെന്ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ 351–ാം നമ്പർ കല്പന മൂലം ഏവരേയും അറിയിച്ചിരുന്നു. എന്നാൽ കോവിഡ്–19 വ്യാപനം മൂലം ലോക്ക്ഡൗൺ പ്രഖ്യപിച്ചിരുന്നതിനാൽ അതു പൂർത്തീകരിക്കാൻ സാധിക്കാത്തതുകൊണ്ട് 2020 ജൂൺ 30–ാം തീയതിക്കകം തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിന് 364–ാം നമ്പർ കല്പന മൂലവും അറിയിച്ചിരുന്നല്ലോ. മഹാമാരിയുടെ വ്യാപനം മൂലം അതും പൂർത്തീകരിക്കാൻ സാധിച്ചില്ല. 367–ാം നമ്പർ സർക്കുലർ കല്പന മൂലം സഭാ ഭരണഘടന 64–ാം വകുപ്പനുസരിച്ച് ബഹുമാനപ്പെട്ട എപ്പസ്ക്കോപ്പൽ സിനഡിന്റെ തീരുമാന പ്രകാരം 2020 സെപ്റ്റംബർ 2,3,4 തീയതികളിൽ നടത്തുവാൻ സഭാ കൗൺസിൽ നിശ്ചയിച്ചിരുന്ന സഭാ പ്രതിനിധി മണ്ഡലയോഗങ്ങളും മാറ്റിവച്ചിരുന്നു. എന്നാൽ നാളിതുവരേയും പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കാനുള്ള ഇടവകകൾ ആയത് 2020 ഡിസംബർ 31 ന് മുൻപ് പൂർത്തീകരിച്ച് അറിയിച്ചിരിക്കണം.

തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ച ഇടവകകളിൽ തുടർ നടപടികൾ കൈസ്ഥാന സമിതിയുടെ തീരുമാനപ്രകാരം തീയതി നിശ്ചയിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കണം. തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചിട്ടില്ലാത്ത ഇടവകകളിൽ കൈസ്ഥാന സമിതി കൂടി നോമിനേഷൻ സ്വീകരിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കേണ്ടതാണ്. ഈ രണ്ടു സാഹചര്യങ്ങളിലും 364–ാം നമ്പർ സർക്കുലറിൽ അനുശാസിക്കുന്നതുപോലെ നോമിനേഷനുകൾ വിളിച്ച് നിർദ്ദേശിതർ ആവശ്യത്തിലധികം ഉണ്ടെങ്കിൽ ഔദാര്യത്തോടുകൂടി സ്വയം പിൻമാറി നിശ്ചിത കണക്കനുസരിച്ച് നിർദ്ദേശിതർ അവശേഷിപ്പിച്ച് ഏകാഭിപ്രായമായി പൊതുയോഗത്തിൽ ആളുകൾ ചേർന്നുവരാതെയും തെരഞ്ഞെടുപ്പു നടപടികൾ പൂർത്തീകരിക്കാമല്ലോ. ഇടവകകളിൽ 2020 ജനുവരി–15ന് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ച വോട്ടേഴ്സ് ലിസ്റ്റ് ആയിരിക്കും 2020 ഡിസംബർ 31 വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നത്.

സഭാ ഭരണഘടന 319–ാം വകുപ്പ് അനുസരിച്ച് 2021 ജനുവരി 15–ന് മുൻപ് പുതുക്കിയ ഇടവക സംഘാംഗ രജിസ്റ്ററിന്റെ പകർപ്പ് പ്രസിദ്ധീകരിച്ച് 2021–22 സാമ്പത്തിക വർഷത്തേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

പ്രിയരെ, മണ്ഡലാംഗങ്ങളുടെയും, അസംബ്ളി അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ അനുഗ്രഹകരമായി പൂർത്തീകരിക്കുവൻ ദൈവം തമ്പുരാൻ ഇടയാക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 ഡിസംബർ 1–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**FROM THE APOSTOLIC SEE OF MALANKARA**
**DR. THEODOSIUS MAR THOMA METROPOLITAN**

**Circular No.3**

Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority

Beloved in Christ,

His Grace Dr. Joseph Mar Thoma Metropolitan through the Circular No. 351 informed everyone that all parishes and recognized organizations with representative rights as per Clause 77 of the Sabha Constitution had to elect the new representatives to the Mandalam before March 31st 2020. However, since a lock-down was declared due to the spread of Covid-19, the election procedure could not be completed; it was again informed that the election could be completed before June 30th 2020. This also could not be accomplished because of the outspread of the pandemic. In accordance with the provisions of the Clause 64 of the Sabha Constitution and with the decision of the respected Episcopal Synod, the meetings of the Mandalam scheduled by the Sabha Council for 2020 September 2-4 were postponed through the Circular No. 367. Those parishes which could not hitherto complete the election procedure should complete and report it before December 31st 2020.

Those parishes which initiated the election procedure must schedule dates with the decision of the *Kaisthana Samithi* and complete the election process accordingly. In those parishes where the election process has not yet begun, the *Kaisthana Samithi* should meet to receive nominations and complete the election procedure. In both cases, election procedure could be completed by inviting nominations and in case the nominations received exceed the required number, some of the nominees shall voluntarily withdraw their candidature, in order to facilitate a unanimous election even without people meeting for a general body, as stipulated in the Circular No. 364. The parish voters' list prepared and published before January 15th 2020 will be valid until December 31st 2020.

The elections for financial year 2021-2022 shall be conducted after publishing the revised voters' list before January 15th 2021 in accordance with Clause 319 of the Sabha Constitution.

Dearly beloved, let our Lord God enable us to complete the election procedures for election of the Mandalam and Assembly members in a blessed manner.

Grace and Peace of our Lord Jesus Christ be with you all.

Dated 1st of December 2020 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**